(സി) ഇതിൽ എത്ര വീടുകൾ പൂർത്തീകരിച്ചുവെന്ന് ജില്ല തിരിച്ച് കണക്ക് ലഭ്യമാക്കുമോ?

ഉത്തരം

(എ) 2009-10-ലെ 'കില'യുടെ റിപ്പോർട്ട് പ്രകാരം കേരളത്തിൽ 25154 പട്ടികജാതി കുടുംബങ്ങൾ ഭവനരഹിതരായിട്ടുണ്ട്.

4000 വീടുകൾക്കാണ് 2014-15-ൽ ഭവനനിർമ്മാണ ധനസഹായം അനുവദിക്കാൻ തീരുമാനിച്ചിട്ടുള്ളത്.

(ബി) ഭവന നിർമ്മാണത്തിനുള്ള ധനസഹായം വർദ്ധിപ്പിച്ച ശേഷം 4000 വീടുകൾ അനുവദിച്ചു. ഇവർക്ക് ഒന്നാം ഗഡു നൽകുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. 2007-08 മുതൽ 2013-14 വരെ അനുവദിച്ചതിൽ മുഴുവൻ ഗഡുക്കളും കൈപ്പറ്റാത്തവർക്ക് അവശേഷിക്കുന്ന ഗഡുക്കൾ പുതുക്കിയ നിരക്കിന് ആനുപാതികമായി നൽകി വരുന്നു.

(സി) ഭവന നിർമ്മാണ ധനസഹായം 2014 ജൂലൈയിൽ 3 ലക്ഷം രൂപയായി വർദ്ധിപ്പിച്ചശേഷം അനുവദിച്ച 4000 വീടുകൾക്ക് ഒന്നാം ഗഡു നൽകുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

പട്ടികജാതി വിജ്ഞാൻവാടികൾ

273(4559) ശ്രീ. കെ. അജിത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി വിജ്ഞാൻവാടികളെ സംബന്ധിച്ച വിശദാംശങ്ങൾ വ്യക്തമാക്കുമോ; സംസ്ഥാനത്ത് ഇതുവരെ പട്ടികജാതി വിജ്ഞാൻവാടികൾ എത്രയെണ്ണം സ്ഥാപിച്ചു എന്നും ഇതുവഴി എന്തെല്ലാം സഹായങ്ങളാണ് ലഭ്യമാവുക എന്നും വ്യക്തമാക്കുമോ;

(ബി) ഇതിന്റെ തുടർപ്രവർത്തനങ്ങൾ എങ്ങനെയെന്നും സംസ്ഥാനത്ത് ആകെ എത്ര വിജ്ഞാൻവാടികളാണ് തുടങ്ങുവാൻ ഉദ്ദേശിക്കുന്നതെന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ) ഒന്നാം ഘട്ടത്തിൽ സ്ഥാപിച്ച് പ്രവർത്തിച്ചുവരുന്ന 70 വിജ്ഞാൻവാടികൾക്കു പുറമേ രണ്ടാം ഘട്ടത്തിൽ 2014 നവംബർ മാസം വരെ 48 വിജ്ഞാൻവാടികൾ കൂടി നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. പട്ടികജാതി വിദ്യാർത്ഥികൾക്കും യുവാക്കൾക്കും ആനുകാലിക വിജ്ഞാന സമ്പാദനത്തിനും തൊഴിൽരഹിതരായ

LIBRARY ARCHIVES Kerala Legislative Assembly

പട്ടികജാതി യുവതീയുവാക്കൾക്ക് ഓൺലൈനായി അപേക്ഷകൾ അയയ്ക്കുന്നതിനും മറ്റുമായി ഇന്റർനെറ്റ് സൗകര്യത്തോടുകൂടിയ കമ്പ്യൂട്ടർ സംവിധാനവും അതോടൊപ്പം ലൈബ്രറി, റീഡിംഗ് റൂം എന്നിവയും വിജ്ഞാൻവാടിയിൽ സജ്ജീകരിച്ചിട്ടുണ്ട്.

(ബി) സംസ്ഥാനത്തൊട്ടാകെ 1000 വിജ്ഞാൻവാടികൾ സ്ഥാപിക്കാനാണ് പദ്ധതി വിഭാവനം ചെയ്തിട്ടുള്ളത്. വിജ്ഞാൻവാടി കെട്ടിട നിർമ്മാണം പൂർത്തിയാക്കുന്ന മുറയ്ക്ക് ഇന്റർനെറ്റ് സൗകര്യമുള്ള കമ്പ്യൂട്ടർ, ലൈബ്രറി, റീഡിംഗ് റൂം എന്നിവ സ്ഥാപിക്കുന്നതാണ്.

പട്ടികജാതി പ്രൊമോട്ടർമാരായി സേവനം അനുഷ്ഠിക്കുന്നവരുടെ വേതനകുടിശ്ശിക

274 (4560) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പട്ടികജാതി പ്രൊമോട്ടർമാരായി സേവനം അനുഷ്ഠിക്കുന്നവർക്കുള്ള വേതനം മാസങ്ങളായി കുടിശ്ശികയായിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ചാലക്കുടി മേഖലയിലെ എസ്.സി. പ്രൊമോട്ടർമാർക്ക് കഴിഞ്ഞ 4 മാസക്കാലമായി വേതനം നൽകാത്ത വിഷയം അടിയന്തരമായി പരിഗണിച്ച് ആയത് ഉടൻ വിതരണം ചെയ്യാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ&ബി) പട്ടികജാതി പ്രൊമോട്ടർമാർക്ക് വേതനം നൽകുന്നതിനുള്ള ഫണ്ട് അനുവദിക്കുകയും വേതനം വിതരണം ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്.

പട്ടികജാതി വിഭാഗക്കാർക്കുള്ള സംവരണം

275(4561) ശ്രീ. കെ. രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേശീയാടിസ്ഥാനത്തിൽ പട്ടികജാതി വിഭാഗക്കാർക്കുള്ള സംവരണം എത്ര ശതമാനമാണെന്ന് പറയാമോ;

(ബി) കേരളത്തിലെ പ്രസ്തുത വിഭാഗങ്ങൾക്കുള്ള സംവരണം എത്ര ശതമാനമാണെന്ന് അറിയിക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly